# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6808** **10/07/2014-ൽ മറുപടിക്ക്**

## കാസർഗോഡ് ജില്ലയിലെ ഹോമിയോ ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ

**ചോദ്യം**

ശ്രീ. ഇ. ചന്ദ്രശേഖരൻ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | എത്ര ഹോമിയോ ഫാർമസിസ്റ്റുകളുടെ തസ്തികയാണ് കാസർഗോഡ് ജില്ലയിൽ അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും അതിൽ എത്ര എണ്ണമാണ് നിലവിൽ ഒഴിഞ്ഞു കിടക്കുന്നതെന്നും വ്യക്തമാക്കാമോ ; | (എ) | കാസർഗോഡ് ജില്ലയിൽ 27 ഹോമിയോ ഫാർമസിസ്റ്റ് തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. അതിൽ 18 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. നിലവിലുള്ള 18 ഒഴിവുകളിൽ, 14 സ്ഥാപനങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. |
| (ബി) | ഹോമിയോ ഫാർമസിസ്റ്റുമാരുടെ ഒഴിവുകളിലെ നിയമനം സംബന്ധിച്ച വിശദാംശം അറിയിക്കുമോ ? | (ബി) | ഹോമിയോ ഫാർമസിസ്റ്റ് തസ്തികയിൽ 50% ഒഴിവ് പി.എസ്.സി. വഴിയും, 50% പ്രൊമോഷൻ വഴിയും ആണ് നികത്തുന്നത്. നിലവിലുള്ള 18 ഒഴിവുകളിൽ 5 എണ്ണം ഒഴികെ ബാക്കിയുള്ളവ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്ന് ശുപാർശ ലഭിയ്ക്കുന്ന മുറയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ